ടാസ്ക് ഫോഴ്സിന്റെ ജയിൽ പരിശോധന

*4 [277] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
" ടി. കെ. ബാലൻ:
" എം. വി. ഗോവിന്ദൻ മാസ്റ്റർ:
" പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത ജയിലുകളിലെ സുരക്ഷാ നടപടികളെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ;

(ബി) പുതിയതായി രൂപീകരിച്ച ടാസ്ക്ഫോഴ്സിന്റെ പരിശോധനയിൽ ഇക്കാര്യത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) പൂജപ്പുര സെൻട്രൽ ജയിലിൽ നിന്നും ഈ സംഘം വൻ ആയുധ ശേഖരങ്ങൾ കണ്ടെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ആയുധ ശേഖരം കൂടാതെ എന്തെല്ലാം കാര്യങ്ങളാണ് ഈ സംഘത്തിന്റെ പരിശോധനയിൽപ്പെട്ടതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ജയിലുകളിലെ സുരക്ഷാ നടപടികളെപ്പറ്റി അന്വേഷണം നടത്തിയിട്ടില്ല.

(ബി) കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാർ ചേരിതിരിഞ്ഞ് ഏറ്റുമുട്ടിയതിന്റെ ഫലമായി ഒരു തടവുകാരൻ മരണപ്പെടാൻ ഇടയായ സാഹചര്യത്തിൽ ജയിൽ ആസ്ഥാനത്തു നിന്നും കർശനമായ പരിശോധനയും മറ്റും നടത്തുവാൻ നിർദ്ദേശം കൊടുത്തിരുന്നു. ഇതിന്റെ വെളിച്ചത്തിൽ തിരുവനന്തപുരം സെൻട്രൽ ജയിൽ സൂപ്രണ്ട് ഒരു ചെറു സംഘത്തെ നിയോഗിച്ചു. പകൽ ജയിലിനുള്ളിലെ ബ്ലോക്കുകളും, സെല്ലുകളും പരിശോധിക്കാൻ ഒരു അസിസ്റ്റന്റ് ജയിലറെ ചുമതലപ്പെടുത്തി പരിശോധന നടത്തിയിരുന്നു. ഈ പരിശോധന നടത്തിയ സംഘത്തെ ടിയാൻ ടാസ്ക്ഫോഴ്സ് എന്ന് വിളിച്ചിരുന്നു. ടാസ്ക്ഫോഴ്സ് എന്ന ഒരു ഫോഴ്സ് ജയിൽ റൂളിൽ നാമകരണം ചെയ്തിട്ടില്ല. ഇത് സൂപ്രണ്ടിന്റെ വ്യക്തിപരമായ ഒരു പരിശോധനാ സംഘ നിയമനമാണ്.

(സി) പൂജപ്പുര സെൻട്രൽ ജയിലിലെ രണ്ടാം ബ്ലോക്കിലെ ഇൻസൈഡ് തോട്ടം സ്റ്റോറിന്റെ സമീപത്തു നിന്നും ചില കാർഷികായുധങ്ങൾ, പഴകിയ കറിക്കത്തിയുടെ ഭാഗങ്ങൾ, കമ്പിക്ഷണങ്ങൾ, പുല്ലരിയാൻ ഉപയോഗിച്ചിരുന്ന പഴക്കംചെന്ന പുല്ലുവെട്ടി എന്നിവയാണ് കണ്ടെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തടവുകാർ വ്യായാമത്തിന് ഉപയോഗിച്ചിരുന്ന ഡംബൽസ് പോലുള്ള അലൂമിനിയം മൊന്തയിൽ കോൺക്രീറ്റ് നിറച്ച് നടുവിലൂടെ ഒരു പൈപ്പ് ഘടിപ്പിച്ച സാധനം, പയർ വർഗ്ഗങ്ങളും മറ്റും പടർത്തുവാൻ ഉപയോഗിച്ചിരുന്ന കയറിന്റെ കഷണങ്ങൾ, പെറിയ കമ്പി തുണ്ടുകൾ, പൈപ്പിന്റെ പഴകിയ കഷണങ്ങൾ, ചട്ടുകത്തിന്റെ പഴകിയ കഷണങ്ങൾ തുടങ്ങിയവയാണ് കണ്ടെടുത്തത്.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനം

*5 [278] ശ്രീ. കെ. എ. ചന്ദ്രൻ:

" ഇ. എം. അഗസ്തി:

" എം. പി. ഗംഗാധരൻ:

" ഡി. സുഗതൻ:

" സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഏതെങ്കിലും വിദേശ രാഷ്ട്രങ്ങളുടെ സാങ്കേതികമോ സാമ്പത്തികമോ ആയ സഹായം ലഭിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിനുവേണ്ടി ഏതെങ്കിലും വിദേശ രാഷ്ട്രങ്ങളെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഇല്ല.

(ബി) സമീപിച്ചിട്ടില്ല.

മെഡിക്കൽ കോളേജുകളുടെ വികസനത്തിന് പദ്ധതികൾ

*6 [279] ശ്രീ. രാജു എബ്രഹാം:

" കെ. രാധാകൃഷ്ണൻ:

" പിരപ്പൻകോട് മുരളി:

" മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനത്തിനും മെഡിക്കൽ കോളേജുകളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly